മംഗളം

06 May 2017

# മത്സ്യത്തൊഴിലാളി ദമ്പതികൾക്ക് സി.എം.എഫ്.ആർ.ഐയുടെ ആദരം

കൊച്ചി: ഇന്ത്യയിലെ ആദ്യത്തെ മത്സ്യത്തൊഴിലാളി ദമ്പതികൾക്കു വിവാഹ വാർഷിക ദിനത്തിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) ആദരം. തൃശൂർ കുണ്ടഴിയൂർ കരാട്ട് വീട്ടിൽ കെ.വി. കാർത്തികേയനെയും ഭാര്യ കെ.സി. രേഖയെയുമാണ് കേന്ദ്ര കൃഷി സഹമന്ത്രി സുദർശൻ ഭഗത് പൊന്നാടയും ഉപഹാരവും നൽകി ആദരിച്ചത്.

കടലിൽ ഔട്ട് ബോർഡ് വള്ളത്തിൽ ഒരുമിച്ച് മത്സ്യബന്ധനം നടത്തുന്ന ദമ്പതികൾക്ക് കൂടുമത്സ്യകൃഷി നടത്തുന്നതിന് കാളാഞ്ചി മീൻകുഞ്ഞുങ്ങളെയും കൈമാറി. കടലിലെ മീൻപിടിത്തത്തോടൊപ്പം അധികവരുമാനം നേടാനായി സി.എം.എഫ്.ആർ.ഐയുടെ സാമ്പത്തിക, സാങ്കേതിക സഹായത്തിലാണ് കാർത്തികേയനും രേഖയും കടലിൽ കൂടുകൃഷി തുടങ്ങുന്നത്.

ബോട്ടിൽ പോയി കടലിൽ മീൻപിടിക്കുന്ന രാജ്യത്തെ ആദ്യ വനിതയാണു രേഖ. സ്ത്രീകൾ കായൽ മത്സ്യബന്ധനത്തിൽ ഏർപ്പെടാറുണ്ടെങ്കിലും കടലിൽ മീൻപിടിക്കാൻ പോകുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. മാത്രവുമല്ല, സ്ത്രീകൾ കടലിൽ പോകുന്നതു ശരിയല്ലെന്നാണ് തീരദേശങ്ങളിൽ പ്രചാരത്തിലുള്ള വിശ്വാസം.

പല എതിർപ്പുകളും മറികടന്ന് കുടുംബം പോറ്റാൻ മത്സ്യബന്ധനം തെരഞ്ഞെടുത്തതിനുള്ള അംഗീകാരമായാണ് സി.എം.എഫ്.ആർ.ഐ. ഈ ദമ്പതികളെ ആദരിച്ചത്. വിവാഹ വാർഷികദിനവും ജന്മദിനവും ഒന്നിച്ച മേയ് അഞ്ചിനു തന്നെ അംഗീകാരം ലഭിച്ചതിന്റെ സന്തോഷത്തിലാണ് രേഖ.

1998-ലായിരുന്നു ഇരുവരുടെയും വിവാഹം. ആദ്യത്തെ വനിതാ മത്സ്യത്തൊഴിലാളിയായതുകൊണ്ട് രേഖയ്ക്ക് ഇതുവരെ അംഗീകാരപത്രം ലഭിക്കാത്തതു പ്രശ്നമാണെന്ന് മന്ത്രിയുടെ സാന്നിധ്യത്തിൽ ഇരുവരും ചൂണ്ടിക്കാട്ടി. പഴയ ബോട്ടുമായി മീൻപിടിത്തം നടത്തുന്ന തങ്ങൾക്ക് വൻകിട മത്സ്യബന്ധനയാനങ്ങൾക്കൊപ്പം എത്താനാകുന്നില്ല. പലപ്പോഴും കടൽവെള്ളം കയറുന്ന തരത്തിലാണ് വീട് നിൽക്കുന്നതെന്നും ദമ്പതികൾ പറഞ്ഞു.



▪ സി.എം.എഫ്.ആർ.ഐയുടെ നേതൃത്വത്തിൽ മൽസ്യബന്ധനം ഉപജീവനമാക്കിയ തൃശൂർ കുണ്ടഴിയൂർ സ്വദേശികളായ കെ.വി. കാർത്തികേയനെയും ഭാര്യ കെ.സി. രേഖയേയും ആദരിക്കുന്ന ചടങ്ങിൽ കേന്ദ്ര മന്ത്രി സുദർശൻ ഭഗതുമായി ഫോട്ടോയ്ക്ക് പോസ് ചെയ്യുന്ന കുടുംബം – മംഗളം